പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 3580 | 20/06/2018 ൽ മറുപടി നല്ലേണ്ടത്. |
|---|---|

**പേരൂർക്കട മാനസിക രോഗാശുപത്രിയുടെ പേരുമാറ്റൽ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.മുരളീധരൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | പേരൂർക്കട മാനസിക രോഗാശുപത്രിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എത്ര ഒഴിവുകളാണ് നിലവിലുള്ളത്; | എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എ.ഡി 1870 ൽ സ്ഥാപിതമായ ആശുപത്രിയിൽ കൂടുതൽ വാർഡുകൾ ഓടിട്ടതും പഴയ നിർമ്മിതിയുമാണ്. ഈ കാര്യം ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് വാർഡുകൾ അടിയന്തിരമായി നവീകരിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഘട്ടംഘട്ടമായി ഇത് പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്. 4 കോടി മതിപ്പ് ചെലവുള്ള ആധുനിക വാർഡിന്റെ ശിലാസ്ഥാപനം നടത്തുകയും നിർമ്മാണം ഉടൻതന്നെ പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ആരംഭിക്കുന്നതുമാണ്.<br><u>നിലവിലെ ഒഴിവുകൾ</u><br>1. ഡോക്ടർ - 1<br>2. ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് -1<br>3. നഴ്സിംഗ് ഓഫീസർ- 1<br>4. നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് 1-1<br>5. ഹെഡ് നഴ്സ് -3<br>6. സ്റ്റാഫ് നഴ്സ് ഗ്രേഡ് 2-13<br>7 . നഴ്സിംഗ് അസിസ്റ്റന്റ് -1<br>8. ആശുപത്രി അറ്റൻഡർ ഗ്രേഡ്1-1<br>9. ആശുപത്രി അറ്റൻഡർ ഗ്രേഡ്2-7<br>10 . ഡയറ്റീഷ്യൻ -1<br>11 . ഫാർമസിസ്ററ് -1<br>12 . ഇ.ഇ.ജി ടെക്നീഷ്യൻ-1<br>13. ബാർബർ-4<br>14.അസിസ്റ്റന്റ് ഇൻസ്ട്രക്ടർ-1 |

| | | | |
|---|---|---|---|
| | | | 15. ധോബി-5<br>16. കുക്ക്-13<br>17. സെക്യൂരിറ്റി ഗാർഡ്-4<br>18. പ്ലംബർ -1<br>19. ഗാർഡനർ-2<br>20 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ -2<br>(സൂപ്പർ ന്യൂമററി) |
| ബി) | പ്രസ്തുത സ്ഥാപനത്തിന്റെ പേര് മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ എന്ന് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ബി) | പരിശോധനയിലാണ്. |
| സി) | എങ്കിൽ പേരുമാറ്റത്തിലൂടെ സ്ഥാപനത്തിന് എന്തൊക്കെ ഗുണങ്ങൾ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ? | സി) | മാനസികാരോഗ്യ കേന്ദ്രം എന്ന നിലവിലുള്ള പേര് മാറ്റി മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ എന്ന പേരു നൽകുക വഴി ഈ ആശുപത്രി നൽകുന്ന രോഗ പരിചരണം, വിവിധ അക്കാദമിക പ്രവർത്തനങ്ങൾ (ഡി. എൽ. ബി ബിരുദാനന്തര ബിരുദ പരിശീലനം, മെഡിക്കൽ നഴ്സിംഗ്, ക്ലിനിക്കൽ സൈക്കോളജി, സൈക്യാട്രിക് സോഷ്യൽ വർക്ക് ബിരുദ ബിരുദാനന്തര ഡോക്ടർമാർക്കുള്ള പരിശീലനം ) പുനരധിവാസം, ഗവേഷണം മുതലായ സേവനങ്ങളുടെ പൂർണ്ണമായ വ്യാപ്തിയും പ്രാധാന്യവും ജനങ്ങളിൽ എത്തിക്കുന്നതിന് സാധിക്കും. കൂടാതെ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, ശാസ്ത്രസാങ്കേതിക വകുപ്പ്, ലോകാരോഗ്യ സംഘടന, ആരോഗ്യവകുപ്പ് തുടങ്ങിയവർ നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം ലഭിക്കുന്നതിനും പേരുമാറ്റം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ